# SSLC PRE MODEL EVALUATION-2023

MPM-101A

അടിസ്ഥാന പാഠാവലി

Time:-45Minutes PART-A Total Score:-20

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം (2 x 1 = 2)**

1. കഞ്ഞിയും കപ്പയും കാലമായപ്പോൾ ചിരുത കോരനെ <u>വിളിച്ചുണർത്തി.</u> അടിവരയിട്ട ഭാഗത്തെ പദങ്ങൾ പിരിച്ചെഴുതിയാൽ,

- വിളി,ച്ചുണർത്തി
- വിളിച്ച്, ണർത്തി
- വിളിച്, ചുണർത്തി
- വിളിച്ച്, ഉണർത്തി

2,അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും <u>മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു.</u>അടിവരയിട്ട പ്രയോഗത്തിന്റെ അർത്ഥം കണ്ടെത്തുക.

- സംസാര ശേഷി നഷ്ടപ്പെടുന്നു
- ഒറ്റക്കിരിക്കാൻ ഇഷ്ടപ്പെടുന്നു
- വീടിന് പുറത്തേക്ക് ഇറങ്ങിപ്പോകുന്നു
- ഒറ്റക്കിരുന്ന് കരയുന്നു.

3. ഓമൽക്കവിള്‍തുടുത്ത്, നാണത്തോടെ ഓണക്കോടിയുടുത്ത് വരുന്നതാരാണ്?

- പുള്ളുവൻ
- കവി
- ചെറുകന്യക
- ഉഷസ്സ്

**4 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക (2 x2 = 4 )**

4. വൃദ്ധൻ പറഞ്ഞു: 'മുഴക്കരിയിട്ട് തെളപ്പിച്ചു. എന്നാ അത് കടിച്ചത്. അവളു കടിച്ചില്ല. എന്നു കോരിക്കോരിത്തന്നു ' ( പ്ലാവിലക്കഞ്ഞി )- ചിരുതയുടെ ഒരു സ്വഭാവ ഗുണമാണ് ഇവിടെ തെളിയുന്നത്.ചിരുതയുടെ മറ്റ് രണ്ട് സവിശേഷതകൾ കണ്ടെത്തി എഴുതുക

5. അമ്മയെ ഉപേക്ഷിക്കാൻ ജില്ലാശുപത്രിക്കരികിലൂടെ കടന്നുപോയ മകന്റെ മനസ്സിലുണ്ടായ ചിന്തകൾ രണ്ട് വാക്യത്തിൽ എഴുതുക

6. അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കുക തറവാട്ടു വീട്ടിൽ മാവുകൾ പലതുണ്ടായിരുന്നുവെങ്കിലും കുലശ്രേഷ്ഠകളായി എണ്ണിയത് രണ്ടെണ്ണത്തിനെ ആയിരുന്നു. '

**7 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം (2x 4 = 8 )**

7. പ്ലാവിലക്കഞ്ഞിയിലെ കോരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക.

8. "നെന്റെ വീട്ടിലിരുന്നാൽ കുമൻ മൂളുന്ന ഒച്ച കേക്കോ നിയ്യ് ? "- "ഇല്ലച്ഛമ്മേ, ഒന്നും കേക്കില്ല, ടിവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ." (ഓരോ വിളിയും കാത്ത് )

'നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം' (കുറ്റിപ്പുറത്ത് )- കഥയിലേയും കവിതയിലേയും വരികൾ പരിഗണിച്ച് നാട്ടും നഗരവും തമ്മിലുള്ള അന്തരം താരതമ്യം ചെയ്യുക

9. 'ഇന്നു മാങ്ങാ മരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ അപരിഷ്കൃത മട്ടുകൾ അവർ അറിയാൻ ഇടയില്ല.' – (കൊച്ചു ചക്കരച്ചി )
– ലേഖകൻ ഉദ്ദേശിച്ച അപരിഷ്കൃത മട്ടുകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ (1X6=6)**

10.ശ്രീ . റഫീഖ് അഹമ്മദിന്റെ ' അമ്മത്തൊട്ടിൽ ' എന്ന കവിത സമകാലീക സമൂഹത്തിന്റെ മനുഷ്യത്വരഹിതമായ പ്രവണതകളോടുള്ള ശക്തമായ പ്രതികരണമാണ്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'വാർധക്യം നേരിടുന്ന വെല്ലുവിളികൾ ' എന്ന ശീർഷകത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

11. ഓണത്തപ്പനെ വരവേൽക്കാൻ പ്രകൃതി അണിഞ്ഞൊരുങ്ങി നിൽക്കുന്നത് എങ്ങനെയെല്ലാമാണെന്നാണ് വൈലോപ്പിള്ളി അവതരിപ്പിക്കുന്നത്. ഓണ മുറ്റത്ത് എന്ന കവിതയുടെ ആസ്വാദനാംശങ്ങൾ പരിഗണിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കുക.